# സഹോദരികളെ,
# നിങ്ങളുടെ അവകാശങ്ങളെ 'ഹറാ'മാക്കുന്നവരെ കരുതിയിരിക്കുക

ഭാഗം-01

**ആമുഖം**

തണൽ കുടുംബ വേദിയുടെ 'സഹോദരിമാർ' പ്രസിദ്ധീകരിച്ച **'സ്ത്രീ പള്ളി പ്രവേശം, സഹോദരിമാരെ നമ്മുടെ ആനുകൂല്യം തടയുന്നവരെ കരുതിയിരിക്കുക'** എന്ന ലഘുലേഖ വായിച്ചപ്പോൾ സമ്മിശ്ര വികാരമാണുണ്ടായത്. ആദ്യമായി അല്ലാഹുവിനെ സ്തിച്ചു. പിന്നെ മുജാഹിദു പ്രസ്ഥാനത്തിനും അതിന്റെ പണ്ഡിതൻമാർക്കും വേണ്ടി അകമഴിഞ്ഞു പ്രാർത്ഥിച്ചു.

'സഹോദരി'മാരെ, നിങ്ങളുടെ ലഘുലേഖക്ക് മറുപടിയെഴുതും മുമ്പ് ഇങ്ങനെയൊരു ആമുഖം എഴുതേണ്ടി വന്നതിന് കാരണമുണ്ട്. നിങ്ങൾ പ്രയോഗിച്ച ഭാഷയുടെ ഭംഗി, ഒഴുക്കാർന്ന ശൈലി, വ്യക്തതയാർന്ന വിവരണം, വിഷയത്തെ സംബന്ധിച്ച ആഴത്തിലുള്ള അറിവ് എല്ലാം കൊണ്ടും തികവാർന്ന ഒരു കൃതി! മതപരമായ വിധികൾ പ്രസ്താ വിക്കാൻ പോലും നിങ്ങൾ പ്രാപ്തരായിരിക്കുന്നു. അൽഹംദുലില്ലാഹ്. പടച്ചവനെ, ഇസ്‌ലാഹീ പണ്ഡിതർക്ക് നീ ഇനിയും വിജയം നൽകേണമെ.

സമസ്തക്കാരായ 'സഹോദരി'മാരെ നിങ്ങളുടെ വൈജ്ഞാനിക രംഗത്തെ കഴിവിനെ പുകഴ്ത്തുമ്പോഴും മുജാഹിദു പണ്ഡിതർക്കു വേണ്ടി പ്രാർത്ഥിക്കുന്നതെന്തു കൊണ്ട് എന്ന് നിങ്ങൾ കരുതുന്നുണ്ടാവും. നിങ്ങളുടെ, പൂർവികരും ആധുനികരുമായ പണ്ഡിതൻമാർ നിങ്ങൾക്കെതിരെ പ്രസ്താവിച്ച ഇനിയും പിൻവലിച്ചിട്ടില്ലാത്ത 'ഫത്‌വ'കൾ വായിച്ചു കഴിയുമ്പോൾ, ഇസ്‌ലാഹീ പണ്ഡിതൻമാർ നിങ്ങൾക്കു വേണ്ടി പ്രസ്താവിച്ച ഇനിയും നശിച്ചിട്ടില്ലാത്ത 'ഫത്‌വ'കൾ വായിച്ചു കഴിയുമ്പോൾ നിങ്ങൾക്കാ സംശയം തീരും, തീർച്ച. ഇപ്പോൾ നിങ്ങൾ നിങ്ങളുടെ 'ആനുകൂല്യ'ങ്ങളെ സംബന്ധിച്ച് ബോധവതികളായിട്ടുണ്ട്. ഇനി നിങ്ങളുടെ 'അവകാശ'ങ്ങളെപ്പറ്റി കൂടി ബോധവതികളാകേണ്ടതുണ്ട്. ഈ നില തുടർന്നാൽ നിങ്ങൾക്കതിനു കഴിയും. കഴിയട്ടെ.

വിജ്ഞാനം നേടാനുള്ള നിങ്ങളുടെ അവകാശങ്ങൾക്കെതിരിൽ നിങ്ങളുടെ തന്നെ പണ്ഡിതർ നൽകിയ ഫത്‌വകൾ വായിച്ച് നമുക്ക് തുടങ്ങാം. നിങ്ങൾക്കുള്ള 'ആനുകൂല്യ'ങ്ങളെ പഠിപ്പിച്ച അവർ 'അവകാശ'ങ്ങളോടു കാണിച്ച അനീതിയും എന്നിട്ടും നിങ്ങൾ വളർന്ന സാഹചര്യവും വിലയിരുത്താം.

**1930ൽ സമസ്ത പാസ്സാക്കിയ 3ാം പ്രമേയം:**

“സ്ത്രീകൾക്ക് കയ്യെഴുത്ത് പഠിപ്പിക്കൽ ശറഇൽ മക്റൂഹാണെന്നും മറ്റും പല മഹാന്മാരായ ഉലമാക്കൾ മുമ്പ് തന്നെ തീരുമാനിച്ചിട്ടുള്ളതാകയാൽ അവർക്ക് കയ്യെഴുത്ത് പഠിപ്പിക്കൽ പ്രത്യേകം പാടില്ലാത്തതാണെന്ന് ഈ യോഗം തീരുമാനിക്കുന്നു.” (അൽബയാൻ അറബി മലയാളം മാസിക 1930, മാർച്ച് പേജ് 25)

**സ്ത്രീ വിദ്യാഭ്യാസം കള്ളിനു തുല്യം !!!**

“എന്നാൽ സ്ത്രീ എഴുത്ത് പഠിക്കുന്നതിൽ ഭൗതികപരമായ വല്ല ഗുണവും ഉണ്ടൊ ഇല്ലേ എന്ന് ഇവിടെ പറയേണ്ടതില്ല. ഭൗതികപരമായ വല്ല ഗുണവുമുണ്ടായാലും അക്കാര്യം ശറഇന് വിരോധിക്കുന്നതിന് തടസ്സമില്ല. കള്ളിൽ ഗുണങ്ങളുണ്ടെന്നു പറഞ്ഞ ഇസ്ലാം അടുത്ത നിമിഷത്തിൽ അത് ഹറാമാണെന്ന് പ്രഖ്യാപിച്ചല്ലൊ?” (സമസ്തയുടെ അറുപതാം വാർഷിക സുവനീർ, പേജ് 67)

**അക്ഷരവിദ്യ ഹറാമു തന്നെ!!!**

“സ്ത്രീ അക്ഷരവിദ്യ അധികവും ദീനിയ്യായ വിഷയത്തിലോ ശറഅ് അനുസരിച്ച ദോതിലോ കാര്യമായ ആവശ്യത്തിനോ അല്ലാത്തതോടു കൂടി അതിനാൽ കണക്കില്ലാത്ത പാപങ്ങൾ വന്നു വശാകുന്നതും അതു പല പാപങ്ങൾക്കുള്ള ഉപകരണമാകുന്നതും ദൃഷ്ടിയിൽ അറിയപ്പെട്ടതായും അനുഭവപ്പെട്ടതായും വരുന്നത് കൊണ്ട് സ്ത്രീ അക്ഷരവിദ്യ തീർച്ചയായും ഹറാമാവാൻ മാത്രമേ വഴികാണുന്നുള്ളൂ.” (അൽബയാൻ അറബി മലയാളം മാസിക 1930, ഫെബ്രുവരി, പേജ് 17)

**ഞങ്ങളങ്ങനെ പറഞ്ഞിരുന്നു, അതിനെ എതിർത്തത് ‘മുബ്തദിഉ’കളും ‘പാശ്ചാത്യൻ പരിഷ്കരണവാദി’കളുമാണ്!!!**

“സ്ത്രീകൾക്ക് എഴുത്ത് പഠിപ്പിച്ചു കൂടന്ന സമസ്തയുടെ നിർദ്ദേശം ഇവിടെ ചിന്തനീയമാണ്. 1930, മാർച്ച് 16ന് മണ്ണാർക്കാട് ചേർന്ന സമസ്തയുടെ നാലാം സമ്മേളനം മുസ്ലിം സ്ത്രീകളെ എഴുത്ത് പഠിപ്പിച്ചു കൂടന്ന പ്രമേയം പാസ്സാക്കുകയുണ്ടായി. മുബ്തദിഉകളുടേയും പാശ്ചാത്യൻ പരിഷ്കരണവാദികളുടേയും പരിഹാസത്തിന് ഇതു വിധേയമായി. സമസ്ത തീരുമാനത്തിൻെറ ഗുണവശം കാണാനുള്ള കണ്ണ് അവർക്കുണ്ടായില്ല.” (അൽമുബാറക് 1986. സെപ്തമ്പർ 7)

**ഹദീസിൽ വന്നിട്ടുണ്ട്!!!**

“സ്ത്രീകൾക്ക് (കൂടുതൽ) എഴുത്ത് (വിദ്യാഭ്യാസം) പഠിപ്പിക്കരുതെന്നും നൂൽ നൂൽപ്പും സൂറത്തുന്നൂറും പഠിപ്പിക്കേണമെന്നും ഹദീസിൽ വന്നിരിക്കുന്നു.” (കർമ്മശാസ്ത്ര സരണി, പേജ് 67. സുന്നി പബ്ലിക്കേഷൻ സെൻറർ, ചെമ്മാട്)

അവസാനമായി, 'സഹോദരി'കളെ, സ്ത്രീകളുടെ പള്ളിപ്രവേശത്തെ സംബന്ധിച്ച മതപരമായ വിധികൾ കിതാബിൽ നിന്നും പഠിച്ച് ഓതിത്തരുന്ന പ്രവർത്തനമാണല്ലോ നിങ്ങൾ ഈ ലഘുലേഖയിലൂടെ നിർവഹിച്ചത്? നിങ്ങളുടെ ഈ പ്രവർത്തനം സമസ്തയുടെ വീക്ഷണത്തിൽ എങ്ങനെയുള്ളതാണെന്ന് താഴെ കൊടുക്കുന്ന ഉദ്ധരിണിയിൽ നിന്നും വായിച്ചെടുക്കുക:

"ഇവിടെ ലേഖകൻ ആശങ്ക പ്രകടിപ്പിച്ച പ്രശ്നങ്ങൾ കല്പിതങ്ങളായി തോന്നിപ്പോകുന്നു. കാരണം എത്ര വലുതായാലും സ്ത്രീ അബലയല്ലാതാവുന്നില്ല. അവൾ ഭരിക്കേണ്ടവളല്ല. ഭരിക്കപ്പെടേണ്ടവളാണ്. വിധികൾ കിതാബിൽ നിന്ന് മനസ്സിലാക്കാനും ഓതിക്കൊടുക്കാനുമുള്ള ബാധ്യത അവൾക്കില്ല. കർമ്മത്തിലും ധർമ്മത്തിലും സംസ്കാരത്തിലും സ്ത്രീത്വത്തിൻെറ മഹിമയോടെ ഉത്തമ കുടുംബിനി ആയാൽ പോരായ്കയില്ല. മറ്റുള്ളവ പുരുഷ ബാധ്യതയിൽപ്പെടുന്നു." (രിസാല ദ്വൈവാരിക, 1990, ആഗസ്റ്റ്-1)

'സഹോദരി'മാരെ, നിങ്ങളുടെ ആനുകൂല്യങ്ങളെപ്പറ്റി നിങ്ങൾക്കു പഠിപ്പിച്ചു തന്ന ബഹുമാനപ്പെട്ട സമസ്തപ്പണ്ഡിതരുടെ ഫത്വകളാണ് നിങ്ങളിത്രയും വായിച്ചത്. ഇനി, മുബ്തദിഉകളെന്ന് നിങ്ങളാൽ വിളിക്കപ്പെടുന്ന മുജാഹിദുകൾ നിങ്ങൾക്കു വേണ്ടി എഴുതിയതു കൂടി വായിക്കുക. എന്നിട്ട് സ്ത്രീ പള്ളിപ്രവേശത്തിനുള്ള ഇസ്ലാമികമായ തെളിവുകളെപ്പറ്റി ചർച്ച ചെയ്യാം.

ഒന്ന്: "ഇൽമ് മതപരമായ അറിവു മാത്രമാണെങ്കിൽ കൂടിയും ആ അറിവിൽ സാമാന്യ ജ്ഞാനം സിദ്ധിച്ച എത്ര മുസ്ലിം സ്ത്രീകൾ നമ്മുടെ കേരളത്തിലുണ്ട്. അതും പോകട്ടെ, നമ്മുടെ സ്ത്രീകൾ മതപരമായ പാണ്ഡിത്യം നേടണമെന്ന് ഉപദേശിക്കുകയോ അനുവദിക്കുകയോ ചെയ്യുന്ന പണ്ഡിതൻമാർ എത്രപേരുണ്ട്? അവർക്ക് പ്രോത്സാഹനം നൽകുന്നുണ്ടോ? അതോ അവരെ നിരുത്സാഹപ്പെടുത്തുകയും പുറകോട്ടു പിടിച്ചു വലിക്കുകയുമാണൊ നമ്മുടെ പണ്ഡിതൻമാർ ചെയ്യുന്നത്? ഒറ്റവാക്കിൽ ഞാൻ ചോദിക്കാം. ഇൽമ് എന്ന് പറഞ്ഞാൽ ദീനിയ്യായ അനുഷ്ഠാനങ്ങളെപ്പറ്റിയുള്ള അറിവ് മാത്രമാണെന്ന കുടുസായ ആശയം പോറ്റിപ്പുലർത്തുന്ന മുസ്ല്യാക്കൻമാർ, അവരെപ്പോലെ കിതാബോതി മുസ്ല്യാക്കളാകാൻ എത്ര സ്ത്രീകളെ അനുവദിച്ചിട്ടുണ്ട്?" (അൽമനാർ മാസിക, 1961, മാർച്ച്, 5)

രണ്ട്: "സമുദായത്തിലെ സ്ത്രീവിഭാഗത്തിൻെറ അജ്ഞതയിലാണ് തങ്ങളുടെ ജീവിതം പടുത്തുയർത്തിയിരിക്കുന്നതെന്ന് പുരോഹിത വർഗത്തിന് നന്നായറിയാം. ആ നിലക്ക് സ്ത്രീകൾ കാര്യവിവരമുള്ളവരായിത്തീർന്നാൽ, കുക്ഷിപൂരണത്തിന് മാർഗമില്ലാതെ ഗതികേടിലായിത്തീരുമെന്ന ഭയമാണ് അപഹാസ്യമായ ഈ ബാലിശത്തിൻമേൽ പിടിച്ചു തൂങ്ങാൻ ഇന്നും ഒരുകൂട്ടർ ഒരുങ്ങിക്കാണുന്നത്. പക്ഷെ ജനങ്ങൾ ഉണർന്നു കഴിഞ്ഞു. ഇനി ഈ പതിനാറര ചിലവാകുകയില്ലെന്ന് മനസിലാക്കിയാൽ അവർക്കു തന്നെ നല്ലതാണ്." (അൽമനാർ മാസിക, 1960, നവംബർ, 5 പു. 10 ല. 7)

'സഹോദരി'മാരെ, വിഷയം മാറ്റുകയാണെന്ന് ധരിക്കരുത്. തുടക്കത്തിൽ പറഞ്ഞ തരത്തിലുള്ള ഒരു ലഘുലേഖ 'നിങ്ങളെഴുതി'യത് വായിച്ചപ്പോൾ, പത്തു നാല്പതു വർഷങ്ങൾക്കു മുമ്പ് മുജാഹിദു പ്രസ്ഥാനം പ്രവചിച്ചത് നിങ്ങളിൽ കണ്ടു. അൽഹംദുലില്ലാഹ്. മുസ്ല്യാക്കൾ പറഞ്ഞിടത്തു നിങ്ങൾ നിന്നിരുന്നെങ്കിൽ, ആനുകൂല്യത്തെപ്പറ്റിയാണെങ്കിലും, നിങ്ങൾക്ക് എഴുതാൻ കഴിയുമായിരുന്നൊ? പള്ളി പ്രവേശത്തെപ്പറ്റി ഓതിപ്പഠിക്കാനും ഓതിക്കൊടുക്കാനും സാധിക്കുമായിരുന്നൊ? അല്ലാഹുവിനെ സ്തുതിച്ചോളൂ. ഹൃദയത്തിൽ നന്ദിയോട് താത്പര്യമുണ്ടെങ്കിൽ നിങ്ങളുടെ വൈജ്ഞാനികാഭിവൃദ്ധിക്ക് മുസ്ല്യാക്കളോട് പോരാടിയ മുജാഹിദു പണ്ഡിതർക്കു വേണ്ടി പ്രാർത്ഥിച്ചോളൂ.

## ഭാഗം-02
## ഖബർ സിയാറത്ത്

അല്ലാഹുവിൻെറ ഭവനമായ പള്ളിയിൽ ചെന്ന് സ്ത്രീകൾ ജുമുഅ ജമാഅത്തുകളിൽ പങ്കെടുക്കുന്നത് ഹറാമാണെന്നും അതിനാൽ അത് ചെയ്തു പോകരുതെന്നും നിങ്ങൾ നിങ്ങളുടെ സഹോദരിമാരെ ആഹ്വാനം ചെയ്യുമ്പോഴും നിങ്ങളോ നിങ്ങളുടെ പണ്ഡിതൻമാരോ 'കമ' എന്നൊരക്ഷരം പറയാത്ത ഒരു മേഖലയുണ്ട്. സകലവിധ തോന്നിവാസങ്ങളുടേയും കൂത്തരങ്ങായ നേർച്ചപ്പൂരങ്ങളിൽ സ്ത്രീകൾ പങ്കെടുക്കുന്നതിനെയും മഖ്ബറകളിൽ ചെന്ന് അവർ കാട്ടുന്ന ഭക്തി പ്രകടനങ്ങളേയും സംബന്ധിച്ച ഇസ്ലാമിക വിധി ഇന്നുവരെ നിങ്ങൾ ഓതിപ്പഠിച്ചിട്ടുണ്ടോ? സത്യത്തിൽ, കോലാഹല നേർച്ചപ്പൂരങ്ങൾക്ക് 'ഖബർ സിയാറത്ത്' എന്ന് പേരിട്ട്, അത് സ്ത്രീകൾക്കും സുന്നത്താണെന്ന് പ്രഖ്യാപിച്ച് സമസ്തപ്പണ്ഡിതൻമാർ നിങ്ങളെ മുഴുവൻ ആട്ടിത്തെളിക്കുകയല്ലെ? അല്ലാഹുവിൻെറ ഭവനത്തിൽ അവർക്കു വേണ്ടി നിശ്ചയിച്ച ഭാഗത്ത് ഭക്തി പൂർവമെത്തി ജുമുഅ ജമാഅത്തുകളിൽ പങ്കെടുത്ത് പോകുന്ന അടിയാത്തികളിൽ നിന്ന് അഞ്ചു പൈസയും നേർച്ചപ്പണമായി കിട്ടില്ല എന്ന് നിങ്ങളുടെ പാതിരിമാർക്കറിയാം. അതുകൊണ്ടു തന്നെ 'പള്ളി'യെക്കാൾ 'പള്ള'ക്ക് പ്രാമുഖ്യം കല്പിക്കുന്ന അവർ നിങ്ങളെ മഖ്ബറകളിലേക്കും നേർച്ച വയലുകളിലേക്കും ഉറൂസ് അറകളിലേക്കും തള്ളിവിടുകയാണ്. അതിന് 'ഹിജാബിൻെറ ആയത്ത്' അവർക്ക് തടസമല്ല! ആതിക(റ)യെ ഉമർ(റ) ഊരക്ക് തല്ലിയത് ബാധകമല്ല! സ്ത്രീകൾക്ക് പള്ളി വിലക്കുന്നതിന് നിങ്ങളുദ്ധരിച്ച ഒരു ഹദീസും പരിഗണനീയമല്ല! ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.

'സഹോദരി'കളെ, നിങ്ങളുടെ ലഘുലേഖയിൽ ആറാം നമ്പറായി കൊടുത്ത ചോദ്യം, 'ലോകത്തിലെ സ്ത്രീകളുടെയെല്ലാം നേതാക്കളായ പ്രവാചക പത്നിമാരിൽ ആരെങ്കിലു മൊരാൾ ഏതെങ്കിലുമൊരു പള്ളിയിൽ ജുമുഅ ജമാഅത്തിനായി പോയിരുന്നോ?' എന്നാണ്. നിങ്ങൾക്കെന്തേ ഇതുപോലൊരു ചോദ്യം ഇങ്ങനെ ചോദിക്കാൻ തോന്നാത്തത്: ''ലോകത്തിലെ സ്ത്രീകളുടെയെല്ലാം നേതാക്കളായ പ്രവാചക പത്നിമാരിൽ ആരെങ്കിലുമൊരാൾ ഏതെങ്കിലുമൊരു പള്ളിയിൽ നേർച്ചക്കോ ഉറൂസിനോ

പങ്കെടുത്തിരുന്നോ? പരപുരുഷൻമാർ സമ്മേളിക്കുന്ന മഖ്ബറകളിൽ ചെന്ന് നേർച്ചപ്പണവും ഉറൂസപ്പവും നിവേദിച്ചിരുന്നോ?" എന്തേ ഇങ്ങനെയൊരു ചോദ്യം വന്നില്ല. ഇതിന് മറുപടിയെഴുതാൻ ഉദ്ദേശ്യമുണ്ടെങ്കിൽ, 'സഹോദരി'കളെ, നിങ്ങളുടെ മഖ്ബറകളിൽ നടക്കുന്ന നേർച്ചപ്പൂരങ്ങളുടെ 'കോലം' കൃത്യമായി മനസിൽ കണ്ടു വേണം എഴുതാൻ. (അത് താഴെ വിവരിക്കുന്നുണ്ട്).

നിങ്ങളുടെ പന്ത്രണ്ടാം നമ്പർ ചോദ്യം കുറച്ചു കടന്നു പോയി. അതിങ്ങനെ, "സ്ത്രീ പള്ളിപ്രവേശത്തിനു വേണ്ടി വാദിക്കുന്നത് പരപുരുഷരോടൊത്ത് തൊട്ടുരുമ്മാനാണൊ അതൊ കൂടുതൽ പ്രതിഫലം ലഭിക്കാനൊ?" ഏതായാലും സമസ്തപ്പെണ്ണുങ്ങളെന്ന നിലക്ക് സാധ്യമാകുന്ന പള്ളികളിലെ മഖ്ബറകളുടെ നേർച്ചാ ഉറൂസുകളിലെല്ലാം നിങ്ങൾ പങ്കെടുക്കുന്നുണ്ടാവുമല്ലൊ. അവിടങ്ങളിലെത്തുന്ന സ്ത്രീപുരുഷൻമാരുടെ 'ഭക്തി'യും 'വിഭക്തി'യും ഞങ്ങളേക്കാൾ നിങ്ങൾക്കാണല്ലൊ അറിയുക. സഹോദരിമാരെ, നേർച്ചപ്പറമ്പുകളിലെത്തിയാൽ 'പരപുരുഷൻ'മാരെല്ലാം 'സ്വപുരുഷൻ'മാരാകുമൊ? അതൊ, അവിടങ്ങളിൽ തൊട്ടുരുമ്മലുകളും മുട്ടിയുരുമ്മലുകളുമൊന്നും നടക്കാൻ സാധ്യമല്ലാത്ത വിധം വല്ല ആത്മീയ വേലിയും ഔലിയാക്കൾ സ്ഥാപിക്കുന്നുണ്ടൊ? അല്ലാഹുവിന്റെ ഭവനങ്ങളിൽ ചെന്ന് അവർക്കു മാത്രം പ്രത്യേകമായ സ്ഥലത്ത് നമസ്കാരം നിർവഹിക്കുന്നതിനേക്കാൾ എന്തു സുരക്ഷിതത്വമാണ് മഖ്ബറകളിൽ നിങ്ങൾക്ക് ലഭിക്കുന്നത്? അതിനേക്കാൾ എന്തു പ്രതിഫലമാണ് നിങ്ങൾക്ക് 'കൂടുതൽ' കിട്ടുന്നത്? ഖബർ സന്ദർശനം കൊണ്ട് കിട്ടുമെന്ന് പ്രവാചകൻ(സ) പറഞ്ഞ, മരണ ചിന്തയും പരലോക ബോധവും നേർച്ചപ്പൂരങ്ങളിലൂടെ നിങ്ങൾക്ക് കിട്ടാറുണ്ടൊ? 'സഹോദരി'കളെ, നിങ്ങളുടെ മഖ്ബറകളിൽ നടക്കുന്ന നേർച്ചപ്പൂരങ്ങളുടെ 'കോലം' കൃത്യമായി മനസിൽ കണ്ടു വേണം മറുപടി എഴുതാൻ.

സ്ത്രീകൾക്ക് ജുമുഅ ജമാഅത്തുകൾക്ക് പള്ളിവിലക്കുന്ന നിങ്ങൾ ഭക്തിപൂർവം പങ്കെടുക്കാറുള്ള നേർച്ചപ്പൂരങ്ങളുടേയും ഉറൂസുകളുടേയും ചിത്രം ഒരല്പം വിശദീകരിച്ചോട്ടെ. ഞങ്ങൾ അതിൽ പങ്കെടുക്കാറില്ല എന്നു നിഷേധിക്കരുത്. സമസ്തപ്പെണ്ണുങ്ങൾ മഖ്ബറ സിയാറത്തി(?)ന് 'പരപുരുഷ'പ്പേടിയില്ലാതെ, 'കുഴപ്പം' ഭയക്കാതെ, 'ഹിജാബിന്റെ ആയത്തി'ന്റെ ഭീഷണിയില്ലാതെ വിദൂര ദേശങ്ങളിൽ നിന്നു പോലും എത്താറുണ്ടെന്ന് നിങ്ങളുടെ പ്രസിദ്ധീകരണങ്ങൾ തന്നെ എഴുതിയിട്ടുണ്ട്. വായിക്കുക,

"മഹാൻമാരുടെ മഖ്ബറയിലേക്ക് സിയാറത്തിന് വരുന്ന സ്ത്രീകളുടെ എണ്ണവും കുറവല്ല. മമ്പുറം, പുത്തൻപള്ളി, ഇടിയങ്ങര, പെരിങ്ങത്തൂർ, നിലാമുറ്റം, ഭീമാപള്ളി തുടങ്ങിയ മഖ്ബറകളിലേക്ക് ദീർഘയാത്ര ചെയ്തു വരുന്ന സ്ത്രീകൾ കുറച്ചൊന്നുമല്ല" (സത്യധാര, **2003**, നവമ്പർ, **1-15**)

എന്തൊക്കെയാണ് മഖ്ബറകളിലെ നേർച്ചകളിലും ഉറൂസുകളിലും നടക്കാറുള്ളത്?

| | |
|---|---|
| നിലവിളക്കു കത്തിക്കൽ, | ചീരണി നിവേദിക്കലും വാങ്ങലും |
| ഖബറിൽ പച്ചപ്പട്ടു പുതക്കൽ | കാണിക്ക നിക്ഷേപിക്കൽ |
| കൊടിയേറ്റ് | അപ്പപ്പെട്ടി വരവ് |
| ആനയെഴുന്നെള്ളത്ത് | ചെണ്ടമുണ്ട്, പീപ്പിവിളി, കുഴലൂത്ത് |
| സർക്കസ്, ഗാനമേള, മരണക്കിണർ | സിനിമാറ്റിക് ഡാൻസ് |
| കരിമരുന്ന് പ്രയോഗം | റാത്തീബ്, മൗലൂദ്, വയള് |

മേൽകണ്ട സകലമാന പേക്കൂത്തുകൾക്കും ശറഇന്റെ അനുവാദമുണ്ടെന്നാണ് സമസ്തമതക്കാരുടെ പക്ഷം. ഓരോ ഖബർ സിയാറത്തിനോടുമനുബന്ധിച്ച് നടത്തപ്പെടുന്ന ഇത്തരം 'ഇബാദത്തു'കൾക്ക് രേഖയുദ്ധരിച്ച ഗ്രന്ഥങ്ങളുണ്ട് മലയാളക്കരയിൽ. **'മുട്ടും വിളി നേർച്ചയെ എതിർക്കുന്നവർക്കൊരു മറുപടി - ടി. പോക്കർ മുസ്ല്യാർ', 'ആണ്ടു നേർച്ചയും അപവാദങ്ങളും - കെ.യം. അഹ്മദ് കോയ'** എന്നീ പുസ്തകങ്ങൾ അവയിൽ ചിലതാണ്. 'സഹോദരി'മാർ അവയൊന്ന് വായിച്ച് നോക്കാൻ സമയം കണ്ടെത്തുക. തെളിവിലേക്കായി ഇതാ രണ്ടു റിപ്പോർട്ടുകൾ:

> "29ന് രാത്രി 12ന് പട്ടാമ്പി ഗവ. യു.പി. സ്കൂളിൽ എല്ലാ ഉപ ആഘോഷ കമ്മിറ്റികളേയും പങ്കെടുപ്പിച്ചു കൊണ്ടുള്ള <u>സിനിമാറ്റിക് ഡാൻസും ബാൻറ് വാദ്യ മത്സരവും</u> നടക്കും. പുലർച്ചെ 5ന് തങ്ങൾക്കുള്ള അപ്പപ്പെട്ടിയും തിരുമുൽ കാഴ്ചയും ജാറത്തിന് സമീപം എത്തുന്നതോടെ <u>കരിമരുന്ന് പ്രയോഗവും</u> നടത്തും" (മംഗളം ദിനപത്രം, 25-2-2004)

## ബീമാപള്ളി ഉറൂസ് ജൂലായ് 31 മുതൽ



ജൂലായ് 31-ന് ഉറൂസ് മഹോത്സവം ആരംഭിക്കുന്ന ബീമാപള്ളി ദർഗ്ഗാ ഷെരീഫ്.

തിരുവനന്തപുരം : ബീമാപള്ളി ദർഗ്ഗാഷെരീഫിലെ ഉറൂസ് മഹോത്സവം ജൂലായ് 31 മുതൽ ആഗസ്റ്റ് 10 വരെ നടക്കും.

ജൂലായ് 31-ന് രാവിലെ 8-ന് ബീമാപള്ളി ഇമാം അബ്ദുൾ റസാക് അലിയുടെ നേതൃത്വത്തിൽ പട്ടണപ്രദക്ഷിണം ആരംഭിക്കും. രാവിലെ 11-ന് ബീമാപള്ളി മുസ്ലിം ജമാഅത്ത് പ്രസിഡന്റ് പതാക ഉയർത്തുന്നതോടുകൂടി ആഘോഷങ്ങൾക്ക് തുടക്കം കുറിക്കുമെന്ന് ബീമാപള്ളി റഷീദ്, എം.കെ. ഇസ്മയിൽ എന്നിവർ പത്രസമ്മേളനത്തിൽ പറഞ്ഞു.

വൈകിട്ട് 5-ന് മതസൗഹാർദ്ദ സമ്മേളനം നടക്കും. മന്ത്രിമാരും രാഷ്ട്രീയ, സാമുദായിക, സാംസ്കാരിക നേതാക്കളും സമ്മേളനത്തിൽ പങ്കെടുക്കും. രാത്രി 9-ന് നാഗൂർ ഇ.എം. സക്കറിയയുടെ ഗാനമേള നടക്കും.

ആഗസ്റ്റ് 7-ന് രാത്രി 9-ന് ബിജു നാരായണന്റെ ഗാനമേള, 12-ന് ബാപ്പു വെള്ളിപറമ്പും ഐ.പി. സിദ്ദിഖും നയിക്കുന്ന മാപ്പിള ഗാനമേള, 8-ന് രാത്രി 9-ന് ഇശൈ മുരശ് നാഗൂർ ഇ.എം. ഹനീഫയുടെ ഗാനമേള, 12-ന് സന്തോഷ് കേശവിന്റെ ഗാനമേള, 9-ന് രാത്രി 12-ന് അയിലം ഉണ്ണികൃഷ്ണന്റെ കഥാപ്രസംഗം എന്നിവ ഉണ്ടായിരിക്കും. 10-ന് പുലർച്ചെ 2-ന് പട്ടണപ്രദക്ഷിണം ആരംഭിക്കും. തുടർന്ന് ശൈഖുനാ ആർ.വി. കുട്ടിഹസ്സൻ ദാരിമിയുടെ നേതൃത്വത്തിൽ പ്രത്യേക പ്രാർത്ഥന നടക്കും. അതിനുശേഷം അന്നദാന വിതരണത്തോടുകൂടി ഉറൂസ് മഹോത്സവം സമാപിക്കും.

ഉറൂസ് മഹോത്സവത്തിൽ പങ്കെടുക്കാൻ രാജ്യത്തെ നാനാ ജാതി മതസ്ഥരായ ഭക്തജനങ്ങളെയും സ്വാഗതം ചെയ്യുന്നതായി ഭാരവാഹികൾ പറഞ്ഞു.

ഇനിയുമുണ്ട് തെളിവുകൾ. ഇതിത്രയും പറഞ്ഞത്, അല്ലാഹുവിൻെറ ഭക്തിനിർഭരമായ പള്ളികളിൽ പെണ്ണുങ്ങൾ ജുമുഅ ജമാഅത്തിന് പങ്കെടുക്കൽ ഹറാമും, ഖബർ സിയാറത്തിൻെറ പേരിൽ നടക്കുന്ന പേക്കൂത്തുകളിൽ അവർക്ക് പങ്കെടുക്കൽ സുന്നത്തുമാണെന്ന മുസ്ല്യാക്കളുടെ ദുർന്യായമുള്ളതു കൊണ്ടാണ്. സ്ത്രീകളുടെ ഖബർ സിയാറത്തിനെ സംബന്ധിച്ച ശാഫിഈ മദ്ഹബിലെ വിധിയെപ്പറ്റി ഏറെ എഴുതാനുണ്ട്. ഇപ്പോൾ അതിന് മുതിരുന്നില്ല.

## ഭാഗം-03

## നമസ്കരിച്ചു കൂടാ, ഉദ്ഘാടനമാവാം!!!

സ്ത്രീകൾ പള്ളിയിൽ നമസ്കരിക്കാൻ ചെല്ലുന്നത് ഹറാമാണെന്ന് പ്രഖ്യാപിക്കുകയും അതിന്നു വേണ്ടി പ്രസംഗിക്കുയും ചെയ്യുന്ന സമസ്തക്കാർ ഇപ്പോൾ എവിടെ എത്തി നിൽക്കുന്നു എന്നറിയാനാണ് ഈ ചിത്രം. സ്ത്രീകളെക്കൊണ്ട് പള്ളി ഉദ്ഘാടനം ചെയ്യുന്നക്കിടത്തുവരെ എത്തിയിരിക്കുന്നു!!!



കാസർക്കോട് ആലങ്കോട് ഹിദായത്ത് ജുമാ മസ്ജിദ് അബുദാബിയിലെ മറിയം മുസ്സ-അൽ-മഹ്രി-ഉദ്ഘാടനം ചെയ്യുന്നു. (8-8-03 ചന്ദ്രിക)

<u>നബി(സ)യുടെ കാലത്തോ ശേഷമൊ പള്ളി ഉദ്ഘാടനം നിർവഹിച്ച നബി പത്നി ആരാ സഹോദരീ?</u>

## ഭാഗം-04

## സ്ത്രീ ജുമുഅഃ ജമാഅത്തും ശാഫിഈ മദ്ഹബും

ഇനി നമുക്ക് വിഷത്തിലേക്ക് കടക്കാം. താഴെ കൊടുക്കുന്നത് ശാഫിഈ മദ്ഹബി ലെ നമ്മുടെ വിഷയ സംബന്ധമായ ഉദ്ധരണികളാണ്. പ്രസ്തുത മദ്ഹബിനെ തഖ്ലീദ് ചെയ്യുന്ന 'സഹോദരി'മാർ എന്ന നിലക്ക് നിങ്ങൾക്ക് ബോധ്യപ്പെടുമെന്നു കരുതിയാണ് അവ എടുത്തുദ്ധരിക്കുന്നത്. നിങ്ങളുടെ ലേഖനത്തിൽ കണ്ട മാസി കകളുടേയും പുസ്തകങ്ങളുടേയും ഉദ്ധരണികളിലേക്ക് കടന്നിട്ടില്ല. ഇൻശാ അല്ലാഹ് അതിനും മറുപടിയുണ്ടാവും. ഇപ്പോൾത്തന്നെ ഇത് വളരെ നീണ്ടു പോയിട്ടുണ്ട്. കാര്യം ഗ്രഹിക്കലാണ് ലക്ഷ്യമെങ്കിൽ സത്യം വസ്തുതാപരമായി വിലയിരുത്തിയാൽ മതിയാവും. അതിനാവാട്ടെ.

1- "<u>സ്ത്രീകൾ ജുമുഅക്ക് വരുമ്പോൾ</u> അവൾ കുളിച്ച് വൃത്തിയാകണം. സുഗന്ധ വസ്തുക്കൾ അവൾ ഉപയോഗിക്കുന്നതിനെ ഞാൻ വെറുക്കുന്നു." (ഉമ്മ് വാള്യം 1 പേജ് 175)

2- "<u>നിശ്ചയം ജുമുഅയിൽ നിന്ന് ഒഴിവുള്ള അടിമ, സ്ത്രീ, യാത്രക്കാർ പോലെയുള്ളവർ ജുമുഅ നമസ്കരിച്ചാൽ അവർക്കത് മതിയാകുന്നതാണ്.</u> ഇതിൽ ഇബ്ൻ മുൻദിർ, ഇമാമുൽ ഹറമൈനി പോലെയുള്ളവർ ഇജ്മാഅ് ഉദ്ധരിച്ചി ട്ടുണ്ട്. നാലു റക്അത്തുള്ള ളുഹർ നമസ്കരിക്കൽ ഇവർക്ക് നിർബന്ധമല്ലേ? അപ്പോൾ ജുമുഅ രണ്ടു റക്അത്തു നമസ്കരിച്ചാൽ എങ്ങനെയാണ് നിർബന്ധം അവരിൽ നിന്നും ഇല്ലാതാവുക? എന്ന് ഒരാൾ ചോദിച്ചാൽ അതിനുള്ള മറുപടി ഇപ്രകാരമാണ്: ജുമുഅ രണ്ട് റക്അത്ത് ആണെങ്കിലും ളുഹറിനേക്കാൾ ഏറ്റവും പരിപൂർണ്ണമായത് അതാണ് (ശറഹുൽ മുഹദ്ദബ് - 4/469)

3- "<u>സ്ത്രീകൾ ജുമുഅക്ക് വരാൻ ഉദ്ദേശിച്ചാൽ</u> മറ്റുള്ള നമസ്കാരങ്ങൾക്കു വരുന്നതു പോലെത്തന്നെയാണ്." (ശറഹുൽ മുഹദ്ദബ് - 4/469)

4- "<u>സ്ത്രീകൾക്ക്</u> ഖിയാമുല്ലൈൽ (രാത്രി നമസ്കാരം) പോലെയുള്ള സുന്നത്തു നമസ്കാരങ്ങൾക്കും <u>പള്ളിയിൽ പങ്കെടുക്കാവുന്നതാണ്</u>."
(ശറഹു മുസ്ലിം - 5-6/209)

5- "<u>സ്ത്രീകൾക്ക് പുരുഷൻമാരുടെ കൂടെ</u> ഗ്രഹണ നമസ്കാരത്തിൽ പങ്കെടുക്കൽ സുന്നത്താക്കപ്പെടും." (ശറഹു മുസ്ലിം - 5-6/209)

6- “സ്ത്രീകൾ പള്ളിയിലേക്ക് പുറപ്പെടൽ, അല്ലാഹുവിൻെറ റസൂൽ (സ) പറഞ്ഞു: നിങ്ങളുടെ ഭാര്യ പള്ളിയിലേക്ക് സമ്മതം ചോദിച്ചാൽ അവളെ തടയരുത്.” (ശറഹു മുസ്ലിം - 2/399)

7- “പള്ളിയിൽ പോകാൻ സ്ത്രീ ഭർത്താവിനോട് അനുവാദം ചോദിക്കൽ: നബി (സ) യിൽ നിന്നും നിവേദനം, നിങ്ങളുടെ ഭാര്യ പള്ളിയിൽ പോകാൻ സമ്മതം ചോദിച്ചാൽ നിങ്ങൾ തടയരുത്.” (ഫത്ഹുൽ ബാരി - 2/409)

8- “ഇമാമിന് ഏറ്റവും ശ്രേഷ്ടമായത്, തൻെറ പിന്നിൽ സ്ത്രീകളില്ലെങ്കിൽ, സലാം വീട്ടിയ ഉടനെ തൻെറ നമസ്കാര സ്ഥലത്തു നിന്നും എഴുന്നേൽക്കലാണ്.” (ഫത്ഹുൽ ബാരി - 2/409)

9- “പിന്നിൽ സ്ത്രീകളില്ലെങ്കിൽ സലാം വീട്ടിയ ഉടനെ ഇമാം തൻെറ നമസ്കാരസ്ഥലത്തു നിന്നും എഴുന്നേൽക്കുന്നത് സുന്നത്താക്കപ്പെടുമെന്ന് ഇമാം ശാഫിഈയും അദ്ദേഹത്തിൻെറ അനുയായികളും (റ) പറഞ്ഞിരിക്കുന്നു. ഇപ്രകാരം ശാഫിഈ തൻെറ ‘മുഖ്തസിറി’ൽ പറഞ്ഞിട്ടുണ്ട്. അനുയായികൾ അതിൽ ഏകോപിച്ചിട്ടുമുണ്ട്. . . എന്നാൽ പിന്നിൽ സ്ത്രീകൾ ഉള്ള പക്ഷം, അവർ പിരിഞ്ഞു പോകുന്നതുവരെ ഇമാമും മറ്റു പുരുഷൻമാരും സലാം വീട്ടിയതിന് ശേഷം അല്ലാഹുവിനെ സ്മരിച്ചു കൊണ്ട് അല്പ സമയം അവിടെത്തന്നെ ഇരിക്കുന്നതാണ് നല്ലത്. അവസാനം പിരിഞ്ഞു പോകുന്ന സ്ത്രീയേയും വേഗത്തിൽ പോകുന്ന പുരുഷൻമാർ കണ്ടുമുട്ടാൻ പറ്റാത്ത വിധം. സ്ത്രീകൾ സലാം വീട്ടിയ ഉടനെ പിരിഞ്ഞു പോകുന്നതാണ് സുന്നത്ത്. സ്ത്രീകൾ പിരിഞ്ഞു പോയാൽ ഇമാമിനും മറ്റു പുരുഷൻമാർക്കും പിരിഞ്ഞു പോകാം. ഇതിന് ഇമാം ശാഫിഈയും അനുയായികളും തെളിവ് ഉദ്ധരിക്കുന്നത് ഉമ്മുസലമഃ (റ) യുടെ ഹദീസിനെയാണ്. അവർ പറഞ്ഞു: നബി(സ) സലാം വീട്ടിയാൽ സ്ത്രീകൾ എഴുന്നേറ്റു പോകും. അവർ പിരിഞ്ഞു പോകുന്നതുവരെ തിരുമേനി അൽപം താമസിക്കും. അവർ പുരുഷൻമാരെ കണ്ടുമുട്ടാതിരിക്കാൻ.” (ശറഹുൽ മുഹദ്ദബ് വാള്യം 3 പേജ് - 489)

10- “ഇമാം സലാം വീട്ടിയാൽ സ്ത്രീകൾ പിരിഞ്ഞു പോകുന്നതുവരെ അദ്ദേഹം അൽപ സമയം അല്ലാഹുവിനെ സ്മരിക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നു, ഉമ്മുസലമഃ (റ) പറഞ്ഞതു പോലെ. പിന്നെ അദ്ദേഹം എഴുന്നേൽക്കണം.” (അൽ ഉമ്മ്, വാള്യം 1 പേജ് - 111)

11- “ഇമാം ശാഫിഈയും അനുയായികളും പറഞ്ഞിട്ടുണ്ട്: സലാം വീട്ടിയാൽ തൻെറ പിറകിൽ സ്ത്രീകൾ ഇല്ലെങ്കിൽ, ഇമാം തൻെറ നമസ്കാര സ്ഥലത്തു നിന്നും എഴുന്നേൽക്കുക എന്നത് സുന്നത്താക്കപ്പെടും. (മുഗ്നി, വാള്യം 1 പേജ് - 183)

12- “ഇമാം വിരമിച്ചാൽ ഉടനെ, അവിടെ സ്ത്രീകൾ ഇല്ലെങ്കിൽ തന്റെ നമസ്കാര സ്ഥലം വിട്ടു പിരിയണം.” (നൂറുൽ അബ്സാർ, പേജ് - 70)

മുൻവിധികൾ മാറ്റിവെക്കാനും പ്രാസ്ഥാനിക സങ്കുചിതത്വങ്ങളിൽ നിന്ന് പുറത്തു വരാനും സത്യത്തോട് സ്നേഹം കാട്ടാനും ക്വുർആനിലേക്കും സുന്നത്തിലേക്കും ആത്യന്തികമായി മടങ്ങാനും സന്മനസു കാട്ടുക. **ആനുകൂല്യങ്ങളെപ്പറ്റി മാത്രമല്ല ദീനിലെ അവകാശങ്ങളെപ്പറ്റിയും ‘സഹോദരി’മാരെ നിങ്ങൾ ബോധവതികളാകണം.** അതിനെതിരു നിൽക്കുന്നവരെ തിരിച്ചറിയാനും തിരസ്കരിക്കാനും തയ്യാറാകണം. ഇത് പരലോകത്തിലെ സ്വർഗത്തിന്റെ കാര്യമാണ്. മർക്കസിന്റെ കാര്യമല്ല. പുണ്യവും നന്മയും എത്രകണ്ട്, അല്ലാഹുവും റസൂലും പഠിപ്പിച്ച വിധം നേടാനാവുമൊ അതിനു വേണ്ടി മത്സരിക്കുക. പാതിരിമാർ പലതും പറയും. സമൂഹത്തിന്റെ പ്രമാണമാബദ്ധമായ എതിർപ്പിൽ അവർ പത്തിമടക്കും. നിങ്ങൾക്ക് വിദ്യ അഭ്യസിക്കൽ ഹറാമാണെന്ന് പറഞ്ഞവർ ഇപ്പോൾ അത് പറയുന്നുണ്ടൊ? യാത്രക്കാരികൾക്ക് നമസ്കരിക്കാൻ പ്രത്യേകം സ്ഥലസൗകര്യമേർപ്പെടുത്തണമെന്നു പറയാനും അങ്ങനെ ചെയ്യാനും അവർ സന്നദ്ധരായില്ലെ?സ്ത്രീകൾക്ക് പള്ളി യോടനുബന്ധിച്ചു തന്നെ നമസ്കാര സൗകര്യമേർപ്പെടുത്തിയാൽ ‘സുരക്ഷിതത്വം കൂടു’മെന്നവരെ മുസ്ല്യാക്കൾ എഴുതിത്തുടങ്ങിയില്ലെ? സംശയമുണ്ടൊ? എങ്കിൽ ഇതു കൂടി വായിക്കുക:

**“ഇവിടങ്ങളിൽ സ്ത്രീകൾക്ക് പ്രത്യേകം പ്രാർത്നാ സൗകര്യം ഏർപ്പെടുത്തേണ്ടത് അത്യാവശ്യം തന്നെ. പള്ളികളോടനുബന്ധിച്ചാകുമ്പോൾ പരിപാലന ചെലവ് കുറക്കാം. സുരക്ഷിതത്വവും കൂടും.” (മർമ്മരം സ്പെഷ്യൽ മാഗസിൻ, പേജ് - 11)**

സന്തോഷമില്ലെ നിങ്ങൾക്കിതു വായിച്ചപ്പോൾ? അതാണു പറഞ്ഞത്, സത്യം അങ്ങനെയങ്ങു തോൽക്കില്ല. ജയിക്കാൻ കുറച്ചു സമയമെടുക്കുമെന്ന് മാത്രം. ‘സഹോദരി’മാരെ അല്ലാഹു നമ്മെ ദീനിന്റെ സത്യവഴിയിൽ നടത്തട്ടെ. തിന്മകളെ കയ്യൊഴിയാനും നന്മകളെ ഉൾക്കൊള്ളാനും അവൻ അനുഗ്രഹം ചൊരിയട്ടെ. ആമീൻ

കബീർ എം. പറളി